പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 16</u> <u>03.02.2020 ൽ മറുപടിക്ക്</u>

## <u>എയർ സ്ട്രിപ്പുകൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ഡോ. എൻ. ജയരാജ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതിയ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ വ്യോമ ഗതാഗതത്തിന്റെ സമഗ്രമായ വികസനം മുൻനിർത്തി 8 മുതൽ 10 സീറ്റുള്ള ഒറ്റ എഞ്ചിൻ വിമാനങ്ങൾ (Airvan) ഉപയോഗിച്ച് കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൊണ്ടുള്ള ചെറു വിമാന സർവ്വീസുകൾ നടത്തുന്നതിനാണ് വിഭാവനം ചെയ്യുന്നത്. ആശ്രാമം മൈതാനം (കൊല്ലം), മൂന്നാർ, തേക്കടി (ഇടുക്കി), കൽപ്പറ്റ (വയനാട്), ബേക്കൽ (കാസർഗോഡ്), ഗുരുവായൂർ (തൃശ്ശൂർ), പാലക്കാട്, ആലപ്പുഴ ബീച്ച് (ആലപ്പുഴ), വർക്കല (തിരുവനന്തപുരം), കുമരകം (കോട്ടയം) എന്നീ സ്ഥലങ്ങളിൽ എയർ സ്ട്രിപ്പ്/ഹെലിപോർട്ട് നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്ക് ഏകദേശം 1400 മീറ്റർ ദൈർഘ്യമുള്ള റൺവേ മതിയാകും. ചെറു വിമാനങ്ങൾ സർവ്വീസിനായി ഉപയോഗിക്കുന്നതിനാൽ പരിപാലന ചിലവും യാത്രാ നിരക്കും കുറവായിരിക്കും. |
| (ബി) | ഇപ്രകാരം ഏതെല്ലാം സ്ഥലങ്ങളിലാണ് എയർ സ്ട്രിപ്പുകൾ സ്ഥാപിക്കുകയെന്ന് വ്യക്തമാക്കുമോ; | (ബി) | ആദ്യപടിയായി ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ സ്ഥലങ്ങളിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠന റിപ്പോർട്ട് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര വിമാനത്താവളങ്ങളുടെ ഫീഡർ പോസ്റ്റുകളായി പ്രവർത്തിക്കുന്നതിന് ഈ എയർ സ്ട്രിപ്പുകളെ റീജിയണൽ കണക്റ്റിവിറ്റി സ്കീം (UDAN) ൽ ഉൾപ്പെടുത്തണമെന്ന് വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (സി) | എയർ സ്ട്രിപ്പുകൾക്കുവേണ്ടി സർക്കാർ ഖജനാവിൽ നിന്ന് എത്ര തുക ചെലവഴിക്കേണ്ടിവരുമെന്ന് അറിയിക്കാമോ? | (സി) | എയർ സ്ട്രിപ്പുകൾക്കുവേണ്ടി സംസ്ഥാന ഖജനാവിൽ നിന്നും ചെലവഴിക്കേണ്ട തുക കണക്കാക്കിയിട്ടില്ല. എന്നാൽ ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ എയർ സ്ട്രിപ്പ് സ്ഥാപിക്കുന്നതിനാവശ്യമായ ചെലവിന്റെ 80% കേന്ദ്രവും 20% സംസ്ഥാനവും വഹിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ